**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** **02-08-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദീർഘകാലമായി വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടുകിടന്നിരുന്ന മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ ക്രിയാത്മകമായ ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള പ്രവർത്തന പുരോഗതി സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1251 കി.മീ വരുന്ന മലയോര ഹൈവേയുടെ 255 കി.മീ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കി.മീ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ കാസർഗോഡ് ജില്ലയിലെ നന്ദാരപടവ്-ചേവാർ, കൊല്ലം ജില്ലയിലെ പുനലൂർ KSRTC ജംഗ്ഷൻ - കൊല്ലായിൽ എന്നീ റീച്ചുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. |
| (സി) | മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുകിട്ടുന്നതിന് എവിടെയെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | മലയോര ഹൈവേക്ക് ഫ്രീ സറണ്ടർ ആയാണ് സ്ഥലം ഏറ്റെടുക്കുന്നത്. വനഭൂമി ഏറ്റെടുക്കേണ്ട ഇടങ്ങളിൽ വനം വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇപ്പോൾ പ്രവൃത്തി പുരോഗമിക്കുന്ന റീച്ചുകളിലെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകൾ 2022 അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ